**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **07-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജനറൽ ആശുപത്രിയിലെ ചികിത്സ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജനറൽ ആശുപത്രിയിലെ സൗജന്യ ചികിത്സ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, എസ് ടി രോഗികൾക്കുള്ള ചികിത്സകൾ, ജനനി ശിശു സുരക്ഷാ കാര്യക്രം, ആരോഗ്യ കിരണം, രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം, ഹീമോഫീലിയ, താലസ്സീമിയ രോഗികൾക്കുള്ള ആശാ ധാര പദ്ധതി, ഡയാലിസിസ് സേവനങ്ങൾ, പ്രതിരോധ കുത്തിവയ്പ്പുകൾ, ഇ- സഞ്ജീവനി പദ്ധതി, സാന്ത്വന പരിചരണം, എ ആർടി സേവനങ്ങൾ, ഐ സി ടി സി സേവനങ്ങൾ, ഡയറ്ററി സേവനങ്ങൾ, ജീവിതശൈലി രോഗ നിവാരണത്തിനുള്ള സേവനങ്ങൾ, ഫാർമസി സേവനങ്ങൾ, കൺസൾട്ടേഷൻ സേവനങ്ങൾ, അന്ത്യോദയ അന്ന യോജന കാർഡുകാർക്കുള്ള ലബോറട്ടറി സേവനങ്ങൾ എന്നിവയാണ് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ലഭ്യമായ സൗജന്യ ചികിത്സ സംവിധാനങ്ങൾ. |
| (ബി) | പണമടച്ചാൽ ലഭ്യമാക്കുന്ന ചികിത്സ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പണമടച്ചാൽ ലഭ്യമാക്കുന്ന ചികിത്സാ സംവിധാനങ്ങൾ (സൗജന്യ സ്കീമിൽ ഉൾപ്പെടാത്തവർ)<br>1) ലബോറട്ടറി സേവനങ്ങൾ<br>2) രക്ത ബാങ്ക് സേവനങ്ങൾ<br>3) എക്സ് റേ, സി ടി , ഡെന്റൽ എക്സ് റേ<br>4) ആംബുലൻസ് സേവനങ്ങൾ<br>5) പി എം ആർ<br>6) ഓഡിയോളജി<br>7) ഡെന്റൽ പ്രൊസീജ്യർ.<br>8) സർജിക്കൽ പ്രൊസീജ്യർ. |

| | | | |
|---|---|---|---|
| | | | 9) ഫ്രീസർ സേവനങ്ങൾ |
| (സി) | ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ ഒഴിവുകളുടെ വിശദാംശം നൽകാമോ; പ്രസ്തുത ഒഴിവുകൾ എത്രകാലമായി തുടരുന്നുവെന്നും ആയത് എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ; | (സി) | ഉത്തരം അനുബന്ധമായി ചേർക്കുന്നു |
| (ഡി) | രാത്രികാല പോസ്റ്റ്മോർട്ടം നടക്കുന്ന സംസ്ഥാനത്തെ ഏക ആശുപത്രിയാണ് കാസർഗോഡ് ജനറൽ ആശുപത്രി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എത്ര ഫോറൻസിക് സർജന്മാരാണാവശ്യമുള്ളതെന്നും ഇപ്പോൾ എത്ര പേരാണുള്ളതെന്നും വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ഒരു ഫോറൻസിക് സർജന്റെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ ഡോക്ടർ സേവനം അനുഷ്ഠിക്കുന്നുണ്ട്. കൂടാതെ ഫോറൻസിക് മെഡിസിൻ യോഗ്യതയുള്ള മറ്റൊരു അസിസ്റ്റന്റ് സർജനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. |
| (ഇ) | ഫോറൻസിക് സർജന്മാരുടെ എണ്ണം ഇപ്പോൾ കുറവാണെങ്കിൽ കൂടുതൽ പേരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ഉത്തരം (ഡി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തസ്തിക | ഒഴിവ് | From | റിമാർക്സ് |
|---|---|---|---|
| സീനിയർ മെഡിക്കൽ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 | 01-04-2024 | സ്ഥാനക്കയറ്റത്തിലൂടെ ഒഴിവുകൾ നികത്താനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു |
| കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 | 14-06-2023 | |
| കൺസൾട്ടന്റ് (മെഡിസിൻ) | 2 | 08-07-2023 | |
| കൺസൾട്ടന്റ് (സർജറി) | 1 | 27-02-2020 | |
| കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്) | 1 | 26-10-2022 | |
| കൺസൾട്ടന്റ് (ഇ.എൻ.ടി) | 1 | 01-06-2022 | |
| കൺസൾട്ടന്റ് (സൈക്യാട്രി) | 1 | 05-10-2022 | |
| ജൂനിയർ കൺസൾട്ടന്റ് (O&G) | 1 | 20-08-2024 | ഒഴിവുകൾ placement മുഖേന നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു |
| CMO | 2 | 12-04-2024 | ഒഴിവ് പി.എസ്.സി. വഴി നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. |
| അസിസ്റ്റന്റ് സർജൻ | 2 | 01-08-2024 | |
| ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 | 07-08-2022 | |
| എം.ആർ.എൽ. | 1 | 07-07-2024 | NJD പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്തുന്നതാണ്. |
| എം.ആർ. അറ്റൻഡന്റ് | 1 | 23-09-2017 | ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് | 1 | 02-06-2024 | സ്ഥാനക്കയറ്റത്തിനായി ഡി.പി.സി. കൂടിയിട്ടുണ്ട്. സെലക്ട് ലിസ്റ്റ് ലഭ്യമായാൽ ഉടൻ ഒഴിവ് നികത്തുന്നതാണ്. |
| സീനിയർ നഴ്സിംഗ് ഓഫീസർ | 1 | 09-08-2024 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് II | 3 | 11-08-2024 | ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 | 01-06-2024 | അന്തർജില്ലാ സ്ഥലംമാറ്റത്തിനായി കാസർഗോഡ് ഡി.എം.ഒ.യിൽ നിന്നും ഒരൊഴിവ് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ആയതിലേയ്ക്ക് അപേക്ഷകരൊന്നും തന്നെയില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

Shaila. M

സെക്ഷൻ ഓഫീസർ